പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 376

03.02.2014- ലെ മറുപടിക്ക്

## ഭക്ഷ്യ സുരക്ഷാ വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. ജെയിംസ് മാത്യൂ<br>" വി. ശിവൻകുട്ടി<br>" പുരുഷൻ കടലുണ്ടി<br>" കെ. വി. അബ്ദുൾ ഖാദർ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ ) | പച്ചക്കറികളിൽ പ്രത്യേകിച്ച് അന്യസംസ്ഥാനങ്ങളിൽ നിന്നു കൊണ്ടുവരുന്നവയിൽ കീടനാശിനികളുടെ സാന്നിദ്ധ്യം അപായകരമായ തോതിലുണ്ട് എന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | ഇക്കാര്യത്തിൽ ചെക്ക്പോസ്റ്റുകളിലോ വിപണന കേന്ദ്രങ്ങളിലോ ഭക്ഷ്യസുരക്ഷാവിഭാഗം എന്തെങ്കിലും തരത്തിലുള്ള പരിശോധനകൾ നടത്താറുണ്ടോ; എങ്കിൽ ഇത്തരത്തിൽ എടുത്ത കേസുകളുടെ വിശദാംശം നൽകാമോ; | ബി) & സി) | സംസ്ഥാന വ്യാപകമായി വിപണികളിൽ നിന്ന് ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർ സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തിവരുന്നുണ്ട്. എന്നാൽ ഭക്ഷ്യ സുരക്ഷാ നിലവാര നിയമപ്രകാരം കേസ്സുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല. ഭക്ഷ്യ സുരക്ഷാ നിയമപ്രകാരം പച്ചക്കറിയിൽ കീടനാശിനിയുടെ അനുവദനീയമായ അളവ്(Tolerance limit) നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ നിലവിൽ പച്ചക്കറിയിൽ കണ്ടെത്തിയ കീടനാശിനിയുടെ അളവ് നിയമപരമായ പരിധിക്കുള്ളിലാണോ എന്ന് പരിശോധിക്കുവാനുള്ള അത്യന്താധുനിക ഉപകരണങ്ങൾ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന അനലറ്റിക്കൽ ലാബുകളിൽ ലഭ്യമല്ലാത്തതിനാൽ ഈ സാമ്പത്തിക വർഷത്തിൽതന്നെ അത്തരം അത്യന്താധുനിക സംവിധാനങ്ങളോടുകൂടിയ ഉപകരണങ്ങൾ വാങ്ങിക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. |
| സി) | ഈ മേഖലയിൽ ഭക്ഷ്യസുരക്ഷാവിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തെങ്കിലും നടപടി ഉദ്ദേശിക്കുന്നുണ്ടോ? | | |

**സെക്ഷൻ ഓഫീസർ**